## വിഹിതമടയ്ക്കാൻ വൈകിയത് മനഃപൂർവ്വമല്ല: ഡാമേജസ് 10% ആയി കുറച്ചതിൽ തെറ്റില്ല

### കേരള ഹൈക്കോടതി

W.P. (C) No. 23922/2014 Dt. 28.7.2020

എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട് ഓർഗനൈസേഷൻ

x

പാരിസൺ എസ്റ്റേറ്റ്സ് ഏന്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്

ആസ്സാം ബ്രൂക്ക് ലിമിറ്റഡ് എന്ന കമ്പനി നടത്തിയിരുന്ന നാല് തേയിലത്തോട്ടങ്ങൾ പല കാരണങ്ങളാൽ കമ്പനി 2004 മാർച്ച് മാസത്തിൽ അടച്ചുപൂട്ടി. ഇ.പി.എഫ്. നിയമം ബാധകമായ കമ്പനി സാമ്പത്തിക ഞെരുക്കം മൂലം വിഹിതം അടച്ചിരുന്നില്ല. അപ്രകാരമിരിക്കെ 2004 ഡിസംബർ 24–ാം തീയതി പാരിസൺ എസ്റ്റേറ്റ്സ് ആ നാല് തേയിലത്തോട്ടങ്ങളും ആസ്സാം ബ്രൂക്കിൽ നിന്ന് വാങ്ങി. 2005 ഫെബ്രുവരിയിൽ തേയിലത്തോട്ടങ്ങൾ തുറന്ന് പ്രവർത്തനമാരംഭിച്ചു. താമസിയാതെ പുതിയ കമ്പനി പഴയ കമ്പനിയുടെ കുടിശിക അടച്ചുതീർക്കുകയും തുടർന്നങ്ങോട്ട് കൃത്യമായി വിഹിതമടയ്ക്കുകയും ചെയ്തു. അപ്പോൾ ഡാമേജസ് ചുമത്താനുള്ള നടപടികൾ ഇ.പി.എഫ്. കമ്മീഷണർ ആരംഭിച്ചു. പുതിയ കമ്പനിയുടെ വിശദീകരണം ചെവിക്കൊള്ളാതെ 37% ഡാമേജസ് ചുമത്തിക്കൊണ്ട് കമ്മീഷണർ ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെതിരെ മേനേജ്മെന്റ് എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ട്സ് അപ്പലേറ്റ് ട്രൈബ്യൂണൽ മുമ്പാകെ അപ്പീൽ സമർപ്പിച്ചു. കുടിശിക വരുത്തിയത് പഴയ കമ്പനിയാണെന്നും സാമ്പത്തിക ഞെരുക്കം മൂലമാണ് പഴയ കമ്പനി വിഹിതമടയ്ക്കാൻ കാലതാമസം വരുത്തിയതെന്നും ഗത്യന്തരമില്ലാതെ അവർ അടച്ചുപൂട്ടിയ തേയിലത്തോട്ടങ്ങൾ ഏറ്റെടുത്ത തങ്ങൾ ഉടനെത്തന്നെ കുടിശിക മുഴുവൻ അടച്ചു തീർത്തുവെന്നും ദുരുദ്ദേശ്യത്തോടെയോ മനഃപൂർവ്വമോ അല്ല കാലതാമസം വരുത്തിയതെന്നും മേനേജ്മെന്റ് വാദിച്ചു. വിഹിതമടയ്ക്കാൻ കാലതാമസം വരുത്തിയതിൽ മനഃപൂർവ്വമായ വീഴ്ചയില്ലെന്നു കണ്ട അപ്പലേറ്റ് ട്രൈബ്യൂണൽ ഡാമേജസ് 10% ആയി കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചു. ഇതിനെതിരെ ഇ.പി.എഫ്.ഒ. ഹൈക്കോടതിയിൽ റിട്ട് ഹർജി സമർപ്പിച്ചു. ആറ് മാസത്തിലധികം കാലതാമസം വരുത്തിയാൽ 37% ഡാമേജസ് ചുമത്താൻ നിയമം അനുശാസിക്കുന്നുണ്ടെന്നും ഒരിക്കൽ ചുമത്തിയ ഡാമേജസ് കുറവ് ചെയ്യാൻ അപ്പലേറ്റ് ട്രൈബ്യൂണലിന് അധികാരമില്ലെന്നും മറ്റും ഇ.പി.എഫ്.ഒ. വാദിച്ചു. മനഃപൂർവ്വമല്ലാതെ കാലതാമസം വരുത്തിയാൽ ഡാമേജസ് ചുമത്താൻ ഇ.പി.എഫ്.ഒ.–യ്ക്ക് അധികാരമില്ലെന്ന് മേനേജ്മെന്റ് വാദിച്ചു. സ്ഥാപനം വിഹിതമടയ്ക്കാൻ വൈകിയത് ന്യായമായ കാരണങ്ങളാലാണെന്ന് വ്യക്തമാക്കിയിട്ടുണ്ടെന്നും ദുരുദ്ദേശ്യത്തോടെയാണ് കാലതാമസം വരുത്തിയതെന്ന് ഇ.പി.എഫ്.ഒ. ചൂണ്ടിക്കാട്ടിയിട്ടില്ലെന്നും ഹൈക്കോടതി ഓർമ്മിപ്പിച്ചു. മനഃപൂർവ്വമോ ദുരുദ്ദേശ്യത്തോടെയോ കാലതാമസം വരുത്തിയാൽ മാത്രമേ ഡാമേജസ് ചുമത്താവൂ എന്ന് ഹൈക്കോടതി നിരീക്ഷിച്ചു. മേനേജ്മെന്റിന്റെ വിശദീകരണം ന്യായമാണെന്നു കണ്ട് അപ്പലേറ്റ് ട്രൈബ്യൂണൽ ഡാമേജസ് 10% ആയി കുറച്ചതിൽ തെറ്റില്ലെന്ന് വിലയിരുത്തിയ ഹൈക്കോടതി ഇ.പി.എഫ്.ഒ.–യുടെ റിട്ട് ഹർജി തള്ളിക്കളഞ്ഞു.